11.03.2017.

**SET- A**

# വാർഷിക മൂല്യനിർണയം --2017

# മലയാളം

## അടിസ്ഥാനപാഠാവലി

സ്റ്റാന്റേർഡ് : IX

സമയം : 1½ മണിക്കൂർ

സ്കോർ : 40

---

**നിർദേശങ്ങൾ**

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരങ്ങൾ ക്രമപ്പെടുത്തുന്നതിനും ഈ സമയം വിനിയോഗിക്കണം.
- ചോദ്യങ്ങൾ, നിർദേശങ്ങൾ എന്നിവ ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതണം.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

**1 മുതൽ 4 വരെയുള്ള ചോദ്യങ്ങൾക്ക് ഉചിതമായ ഉത്തരം തിരഞ്ഞെടുത്തെഴുതുക**

1. "സ്ഫുടതാരകൾ കൂരിരുട്ടിലു-
ണ്ടിടയിൽ ദ്വീപുകളുണ്ടു സിന്ധുവിൽ
ഇടർ തീർപ്പതിനേകഹേതുവ-
ന്നിടയാമേതു മഹാവിപത്തിലും"- ഈ വരികളിൽ തെളിയുന്ന ഭാവമെന്ത്?

(ശുഭപ്രതീക്ഷ, ഉത്കണ്ഠ, സന്തോഷം, സങ്കടം) (1)

2. "ആർപ്പും വിളിയുമായെത്തീ കളകള-
മാകാശത്തഞ്ചിതഗീതകങ്ങൾ" (നാലിതൾപ്പൂവ്) (1)

ആർപ്പും വിളിയുമായി എത്തിയതാര്?
(തേനീച്ചകൾ, കിളികൾ, പൂമ്പാറ്റകൾ, തുമ്പികൾ)

3. <u>പുത്രീവാത്സല്യത്തിന്റെ</u> ഹൃദയസ്പൃക്കായ ശൈലി 'ഒരച്ഛൻ മകൾക്കയച്ച കത്തുകളെ' മനോഹരമാക്കി- അടിവരയിട്ട പദം വിഗ്രഹിക്കുക. (1)

(പുത്രിയുടെ വാത്സല്യം, പുത്രിയോടുള്ള വാത്സല്യം, പുത്രിയും വാത്സല്യവും, പുത്രിയാലുള്ള വാത്സല്യം)

4. ചുവടെ കൊടുത്തിരിക്കുന്നവയിൽ ഏറ്റവും ശരിയായ വാക്യമേത്? (1)

- ഏകദേശം നാനൂറോളം പേർ പങ്കെടുത്തു.
- ഓരോ കുട്ടികൾക്കും പഠനത്തിൽ മുന്നേറാൻ കഴിയണം.
- സ്വയം ആത്മഹത്യചെയ്യുന്നത് തെറ്റാണ്.
- ചരിത്രഗ്രന്ഥങ്ങൾ സാധാരണയായി ശുദ്ധസാഹിത്യത്തിന്റെ ശേഖരത്തിൽ ഗണിക്കപ്പെടാറില്ല.

5. കരുണയുടെ അന്ത്യത്തിൽ ആ കണ്ണീർ വീണ്ടും ഉതിർന്നു. അതു വറ്റുകയുണ്ടായില്ല.

അർഥവ്യത്യാസം വരാതെ ഒറ്റവാക്യമാക്കി മാറ്റിയെഴുതുക. (2)

**6 മുതൽ 10 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് മാത്രം ഉത്തരമെഴുതുക.**

(4 x 4 = 16)

6. "വ്രണിതമാം കണ്ഠത്തിലിന്നു നോവിത്തിരി-
ക്കുറവുണ്ട്, വളരെനാൾകൂടിഞാൻ
നേരിയ നിലാവിന്റെ പിന്നിലെയനന്തതയി-
ലലിയുമിരുൾ നീലിമയിൽ,
എന്നോ പഴകിയൊരോർമ്മകൾ മാതിരി
നിന്നുവിറയ്ക്കുമീയേകാന്തതാരകളെ
ഞാനൊട്ടുകാണട്ടെ, നീ തൊട്ടുനിൽക്കൂ"

'സഫലമീയാത്ര'യുടെ ഭാവതലത്തെ ശക്തമാക്കുന്നത് സവിശേഷപ്രയോഗങ്ങളാണ്. തന്നിരിക്കുന്ന ഭാഗം വിശകലനം ചെയ്ത് പ്രസ്താവനയോട് പ്രതികരിക്കുക.

7. "മരക്കാർ ഇറങ്ങിനടന്നു... മായൻ പടിക്കാലും പിടിച്ച് കണ്ണുംനട്ടുകൊണ്ടു നിൽക്കുകയാണ്. മകൻ അകന്നകന്നു പോകുമ്പോൾ നെഞ്ചിൽനിന്ന് എന്തോ ഒന്നു വലിച്ചു ചീന്തിയെടുക്കും പോലെ തോന്നുന്നു. ആ മുഖം ഒരിക്കലും ഇത്രമേൽ അവശമായിട്ടില്ല."

- കഥാപാത്രത്തിന്റെ മാനസികാവസ്ഥ വായനക്കാരിലേക്കു പകരാൻ നോവലിസ്റ്റ് സ്വീകരിച്ച രചനാതന്ത്രങ്ങൾ വിലയിരുത്തി കുറിപ്പ് തയാറാക്കുക.

8. "ഒരു മഹാനഗരത്തിൽ താമസിക്കുന്നതിനിടെ മണ്ണന്വേഷിച്ചു പോകേണ്ടിവരുമ്പോഴേ മണ്ണ് കിട്ടാനില്ലാത്തതിന്റെ സങ്കടം ബോധ്യമാവൂ.

"ഇറച്ചിക്കു വേണ്ടി ജീവനെടുത്ത ജന്തുവിന്റെ ചോരയേക്കാൾ അറപ്പിക്കുന്നതും നികൃഷ്ടവുമാണോ മണ്ണ്?"

സൂചനകളും കഥയിലെ മറ്റു സന്ദർഭങ്ങളും വിലയിരുത്തി 'ഹരിതമോഹന'ത്തിന്റെ സമകാലികപ്രസക്തിയെക്കുറിച്ച് കുറിപ്പ് തയാറാക്കുക.

9. 
- വിഹായസ്സിലേക്ക് പറന്നുയരാൻ വെമ്പിയ ആത്മാവ്...
- സുദീർഘമായ ബന്ധനം ഏൽപ്പിച്ച പോറലുകൾ...
- ഗാന്ധിജിയുടെ ദുർഗ്രഹമായ സമരതന്ത്രങ്ങൾ...
- നാടാകെ താണ്ഡവമാടിയ പൈശാചികമർദനങ്ങൾ...

- സി.പി. ശ്രീധരന്റെ ഈ പ്രയോഗങ്ങൾ സ്വാതന്ത്ര്യസമര കാലഘട്ടത്തിലെ ഏതെല്ലാം അവസ്ഥകളെയാണ് സൂചിപ്പിക്കുന്നത്? പ്രയോഗങ്ങൾ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

10. "സ്വാതന്ത്ര്യം തന്നെയമൃതം
സ്വാതന്ത്ര്യംതന്നെ ജീവിതം
പാരതന്ത്ര്യം മാനികൾക്ക്
മൃതിയേക്കാൾ ഭയാനകം"

തന്നിരിക്കുന്ന വരികളിൽ തെളിയുന്ന ജീവിതസന്ദേശം കണ്ടെത്തി ലഘുകുറിപ്പ് തയാറാക്കുക.

**11 മുതൽ 14 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് ഉത്തരമെഴുതുക.**

**(3 x 6 = 18)**

11. "എന്റെ ഗ്രാമത്തിൽനിന്ന്, അവിടെ എനിക്കറിയാവുന്ന, എന്നോടൊപ്പം വളർന്ന ജനങ്ങളിൽനിന്ന് ഉത്ഭവിച്ച കഥയാണിത്." - അടൂർ ഗോപാലകൃഷ്ണൻ

ഈ അഭിപ്രായവും താഴെ തന്നിരിക്കുന്ന സൂചനകളും വിലയിരുത്തി 'കൊടിയേറ്റത്തിലെ ഗ്രാമീണത' എന്ന വിഷയത്തെക്കുറിച്ച് ലഘുലേഖനം തയാറാക്കുക.

- വയൽ താണ്ടി, കൊച്ചുകൈത്തോട് കടന്ന് ശങ്കരൻകുട്ടി ശാന്തമ്മയുടെ വീട്ടുപറമ്പിലൂടെ ഉത്സാഹത്തിൽ നടന്നു.
- പറമ്പിലെവിടെയോ പശു പിന്നെയും അമറി.
- കടവിൽ, തുണി സോപ്പിട്ട്, കല്ലിൽ കുത്തി നനച്ചുകൊണ്ട് ഒരു തൊഴിലാളിസ്ത്രീ ഇരിക്കുന്നുണ്ട്.

12. "കറുത്ത മൃഗത്തെ നയിച്ചുനയിച്ചു മടുത്താശാനെ. ഒരു വെളുത്ത മൃഗത്തെ മേയ്ച്ചിട്ട് മരിക്കണംന്നൊരു പൂതി."

"അത്തരം പ്രതികാരബുദ്ധി കുഞ്ഞാടുകൾക്കില്ല. അകാലചരമഭയമില്ലാതെ ശേഷിച്ച ആയുസ്സ് നീക്കാമെന്നതുതന്നെ വലിയൊരു നേട്ടമല്ലേ!"

തന്നിരിക്കുന്ന പ്രസ്താവനയും കഥാസന്ദർഭങ്ങളും വിശകലനം ചെയ്ത് നാണുക്കുട്ടി എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

13. "പണ്ടു പണ്ട്, വളരെക്കാലം മുമ്പ്- അതും ഒരു വലിയ പാറയിൽനിന്നോ ഒരു വലിയ കല്ലിൽനിന്നോ പൊട്ടിച്ചെടുക്കപ്പെട്ട ചെറുകഷണം പോലെ വളരെ മുനകളും മൂലകളുമുള്ള ഒരു കൽക്കഷണമായിരുന്നു എന്ന് അത് നിന്നോട് പറയും.... നദിയിൽത്തന്നെ ഒലിച്ചുപൊയ്ക്കൊണ്ടിരുന്നെങ്കിൽ അതു ചെറുതായിച്ചെറുതായി ഒടുവിൽ ഒരു മണൽത്തരിയായി ത്തീരുകയും, കടൽക്കരയിലെ സഹോദരങ്ങളോടൊത്തു കൊച്ചുകുട്ടികൾ കളിക്കുവാനും മണൽമാളിക പണിയാനും ഉപയോഗിക്കുന്ന മണൽപ്പുറമായിത്തീരുകയും ചെയ്യുമായിരുന്നു."

(ഒരച്ഛൻ മകൾക്കയച്ച കത്തുകൾ - ജവഹർലാൽ നെഹ്റു)

"കാലം ഞങ്ങൾക്കൊരു സുഖസാമഗ്രിയല്ല, ഒരു ഭാരമാണ്. എന്നാൽ പ്രതിനിമിഷം മാറിക്കൊണ്ടിരുന്ന ആ വർഷകാലമേഘങ്ങളെ നിരീക്ഷിച്ചുകൊണ്ട് ഞാൻ ചെലവഴിച്ച സമയം ആനന്ദമയവും ഒരാശ്വാസബോധം നിറഞ്ഞതുമായിരുന്നു."

(ആത്മകഥ - ജവഹർലാൽ നെഹ്റു)

തന്നിട്ടുള്ള രചനാഭാഗങ്ങൾ പരിശോധിച്ച് 'സാഹിത്യകാരനായ നെഹ്റു' എന്ന വിഷയത്തിൽ ഉപന്യാസം തയാറാക്കുക. പാഠഭാഗത്തെ മറ്റു സൂചനകളും പരിഗണിക്കണം.

14. സ്നേഹത്തിൽ നിന്നുദിക്കുന്നു ലോകം
സ്നേഹത്താൽ വൃദ്ധി തേടുന്നു
സ്നേഹം താൻ ശക്തി ജഗത്തിൽ സ്വയം
സ്നേഹം താനാനന്ദമാർക്കും
സ്നേഹം താൻ ജീവിതം ശ്രീമൻ സ്നേഹ
വ്യാഹതിതന്നെ മരണം
സ്നേഹം നരകത്തിൻ ദ്വീപിൽ സ്വർഗ-
ഗേഹം പണിയും പടുത്വം.

- ചണ്ഡാലഭിക്ഷുകി - കുമാരനാശാൻ

(വ്യാഹതി - തകർച്ച, പടുത്വം - സാമർഥ്യം)

തന്നിരിക്കുന്ന കാവ്യഭാഗം വിശകലനം ചെയ്ത് 'ആശാൻ സ്നേഹഗായകനായ കവി' എന്ന വിഷയത്തിൽ ഒരു ലഘുപ്രഭാഷണം തയാറാക്കുക.